LIBRARY ARCHIVES Kerala Legislative Assembly

നോർക്ക സാന്ത്വന പദ്ധതി

70 (3272) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക സാന്ത്വനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരികെയെത്തിയ നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള തിരികെയെത്തിയ പ്രവാസി മലയാളികളുടെ/കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപ വരെയും, മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപവരെയും തിരികെയത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപ വരെയും പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000 രൂപ വരെയും ഒറ്റ തവണയായി നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം നൽകി വരുന്നുണ്ട്. നാളിതുവരെ സാന്ത്വന പദ്ധതിയിൽ നിന്നും 8261 പേർക്കായി 25,71,54,267 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഭരണതലത്തിൽ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി വർഷാവർഷം നിശ്ചിത തുക ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തി വരുന്നുണ്ട്.